Answer

(*a*) As soon as the machine becomes available and the building is constructed to house the machine.

(*b*) No.

MATERNITY HOSPITAL, ALLEPPEY

20. [8] **Sri. Eapen Arakkal.** Will the hon. Minister for Medicine be pleased to state.—

(*a*) whether the septic tank arrangement in the paywards, maternity hospital, Alleppey, is in working condition;

(*b*) is it a fact that the septic tank has been out of order for the last so many years;

(*c*) is it a fact that the latrines in the maternity hospital, Alleppey are in a most filthy condition; and

(*d*) is it a fact that the cots in the Labour ward, Alleppey maternity hospital have become unfit for use?

Answer

(*a*) No.

(*b*) It has been out of order for some time.

(*c*) There are some defects. Steps are being taken to rectify them.

(*d*) The cots require some minor repairs. It cannot be said that they are unfit for use.

പഞ്ചാംഗകമ്മിറ്റി

* ൨൯. (൩) ശ്രീമതി ആനിമസ്ക്രീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവു മറുപടി പറയുമോ.—

(എ) ഒരു പഞ്ചാംഗകമ്മറ്റിയെ ഗവണ്മെൻറ് നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാം;

(സി) ഈ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എൻ. ഗോപാലപിള്ള, പ്രിൻസിപ്പാൾ, സംസ്കൃതകോളേജ് തിരുവനന്തപുരം, അദ്ധ്യക്ഷൻ

,, എം എസ്സ്. ശ്രീനിവാസശാസ്ത്രി, പ്രസിഡൻറ്, സമസ്ത കേരള ജ്യോതിഷ പരിഷത്ത്, കൊട്ടാരം, മെമ്പർ

,, പി. കെ. കോരു, പോസ്റ്റ് പാവാർട്ടി, ചാവക്കാട് മെമ്പർ

,, എൻ. കെ. കൃഷ്ണപിള്ള, കൊട്ടാരം ജോസ്പ്രൻ, കൈതമുക്ക്, തിരുവനന്തപുരം, മെമ്പർ

,, എൻ. കുഞ്ഞുകൃഷ്ണപിള്ള, റിട്ടയാർഡ് സീനിയർ അസിസ്റ്റൻറ്, നക്ഷത്രബംഗ്ലാവ് സ്റ്റാന്റേർഡ് ജ്യോതിഷനിലയം, നന്തൻകോട്, തിരുവനന്തപുരം, മെമ്പർ

,, പുലിയൂർ പുരുഷോത്തമൻ നമ്പൂതിരി, ചെങ്ങന്നൂർ, മെമ്പർ

,, പി. ശ്രീധരൻപിള്ള, പബ്ലിസിറ്റി ആഫീസർ, എഫ്. എ. സി. ടി., ആലുവാ, മെമ്പർ

,, കാണിപ്പയൂർ ശങ്കരൻ നമ്പൂതിരിപ്പാട്, കുന്നംകുളം, മെമ്പർ

,, പി. കെ. കൃഷ്ണപിള്ള, സൂപ്രണ്ട്, നക്ഷത്രബംഗ്ലാവ്, കൺവീനർ, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ പഞ്ചാംഗങ്ങൾ തയാറാക്കുന്നതിൽ വ്യത്യാസങ്ങൾ കാണുന്നതുകൊണ്ട് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പഞ്ചാംഗം ഗണിക്കാൻ ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നതിന്".

Resolutions on matters of General Public Interest

Mr. Speaker : Now that all the questions have been finished, we shall pass on to the resolutions tabled for discussion today. The first resolution stands in the name of Mr. P. Kunjukrishnan.

Resolution *re:* Supply of Manure

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : "കർഷകർക്ക് സുലഭമായും ആദായകരമായും വളം ലഭ്യമാകുന്നതിനു് ഉപയുക്തമായ പദ്ധതികൾ ആസൂത്രണം ചെയ്തു കാര്യക്ഷമമായ നിലയിൽ നടപ്പിലാക്കേണ്ടതാണെന്നു് ഈ അസംബ്ളി തീരുമാനിക്കുന്നു." ഇതാണു് ഞാൻ സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിക്കുന്ന പ്രമേയം. സർ, കർഷകർക്ക് സുലഭമായും ആദായകരമായും വളം ശേഖരിക്കുവാൻ ഉപയുക്തമായ പദ്ധതികൾ ആസൂത്രണംചെയ്തു കാര്യക്ഷമമായ നിലയിൽ നടപ്പിലാക്കുന്നതിനു് ഇപ്പോൾ ഗവൺമെൻറിൽ നിന്നും പലതും ചെയ്തുവരുന്നതായി എനിക്കറിയാം. എന്നാൽ അതു് കൂടുതൽ കാര്യക്ഷമമാക്കി തീർക്കണമെന്നുള്ളതാണു് എൻെറ പ്രമേയം കൊണ്ടു് ഉദ്ദേശിക്കുന്നതു്. എന്തെന്നാൽ വളത്തിൻെറ കാര്യം, അതുമൂലമുണ്ടാകുന്ന കൂടുതൽ ഉല്പാദനം നമ്മുടെ രാജ്യത്തിൻെറ സാമ്പത്തികഭദ്രതയെ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ഒരു കാര്യമാണു്. വളത്തിൻെറ ശാസ്ത്രീയമായ ഗുണത്തെ സംബന്ധിച്ചു് ഇപ്പോൾ പറയുന്നതിനു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ പറയുന്നതിനും ചിന്തിക്കുന്നതിനും ഉള്ള അവകാശം ശാസ്ത്രജ്ഞന്മാർക്കാണു്. എന്നാൽ ഒരു കർഷകനെന്ന നിലയിലും പൊതു ഒരു സാധാരണ നാട്ടുകാരൻെറ നിലയിലുമാണു് ഞാൻ ഈ പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ വിചാരിക്കുന്നതു്. നമ്മുടെ രാജ്യം ഒരു കർഷകരാജ്യമാണെന്നാണു് നാം ആദ്യമായി പഠിക്കുന്നതു്. എന്നാൽ നമുക്കു് ആവശ്യമുള്ളത്ര ആഹാരസാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നില്ലെന്നുള്ളതു് വാസ്തവമാണു്. എത്ര പരിശ്രമിച്ചാലും നമുക്കു ആവശ്യമുള്ളതിൽ ൪൦ ശതമാനം ആഹാരസാധനങ്ങൾ മാത്രമേ ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നുള്ളു. കാലോചിതമായ വൈഷമ്യങ്ങൾ നമ്മുടെ രാജ്യത്തെ സംബന്ധിച്ചു് വളരെയുണ്ടു്. ഈ രാജ്യത്തിൽ വളരെ വിസ്തൃതമായ വനവിഭാഗങ്ങളും തടാകങ്ങളും കഴിഞ്ഞാൽ എതാനുംഭാഗം സ്ഥലം മാത്രമേ ഭൂമിയായി എടുക്കുവാൻ നിവർത്തിയുള്ളു. അതിൽതന്നെയും ആഹാരസാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഭൂമി വളരെ കുറവാണു്. വനങ്ങൾ വെട്ടിത്തെളിച്ചു് കൃഷി ചെയ്യണം എന്നൊരു അഭിപ്രായമുണ്ടെങ്കിലും അതിനു് പരിമിതിയുണ്ടു്. വ്യക്തിപരമായി പറയുകയാണെങ്കിൽ എൻെറ അഭിപ്രായം വനങ്ങൾ രാജ്യത്തിൻെറ വലിയ ഒരു സമ്പത്തു് ആണെന്നും അതുകൊണ്ടു് കഴിവുള്ളിടത്തോളം വനങ്ങൾ നശിപ്പിക്കുവാൻ പാടില്ലെന്നുമാണു്. എന്നാൽ അത്യാവശ്യമായ നിലയിൽ മാത്രമേ അതിൽ കൈവയ്ക്കുവാൻ പാടുള്ളു. കായൽ നികത്തി കൃഷിചെയ്യുന്നതിനുള്ള പദ്ധതി നമുക്കു് കഴിവുള്ളിടത്തോളം സ്വീകരിക്കാവുന്നതാണു്. ഈ നിലയിൽ നോക്കുമ്പോൾ കടൽകൃഷി സംപ്രദായം മാത്രമേ നമുക്കു കരണീയമായിട്ടുള്ള. അന്യരാജ്യങ്ങളിൽ നിന്നു് ആഹാരം കിട്ടുന്നതിനുള്ള പ്രയാസവും അതുകൊണ്ടു് നമുക്കു വന്നിരിക്കുന്ന ബുദ്ധിമുട്ടും എത്രയാണെന്നു് നമുക്കറിയാം. നമ്മുടെ കർഷകർ ഇന്നും പഴയ രീതിയിൽ മാത്രം കൃഷി ചെയ്തുവരികയാണു് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly